24/01/25 A.N

(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**U – 2242**

**Reg. No. : ..............................**

**Name : ..................................**

**Fifth Semester B.A. Degree Examination, December 2024**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course IX**

**ML 1544 : ജീവചരിത്രം, ആത്മകഥ, യാത്രാസാഹിത്യം**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക :

1. എസ്.കെ. പൊറ്റക്കാടിന് ജ്ഞാനപീഠം ലഭിച്ച വർഷമേതാണ്?

2. വ്യാഴവട്ടസ്മരണകൾ എഴുതിയതാരാണ്?

3. എൻ.എൻ. കക്കാട് പൂർണ്ണരൂപമെന്താണ്?

4. ദേവകി നിലയങ്ങോട് ജനിച്ച മനയുടെ പേരെന്താണ്?

5. ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക എന്ന പുസ്തകം എഴുതിയതാരാണ്?

6. അകുലങ്ങളിലെ മനുഷ്യർ എന്ന പുസ്തകം ആരുടേതാണ്?

7. "അദ്ദേഹം മിഴിപ്പിച്ചുതന്ന മൂന്നാം കണ്ണ് എന്നെ ഇവിടെവരെ എത്തിച്ചു" എന്ന് കക്കാട് ആരെക്കുറിച്ചാണ് പറയുന്നത്?

**P.T.O.**

Scanned with CamScanner

8. ഒരേ തൂവൽപ്പക്ഷികൾ എന്ന സിനിമയുടെ സംവിധായകനാരാണ്?

9. യുദ്ധവും സമാധാനവും എന്ന നോവലിനെക്കുറിച്ച് കെ.പി. അപ്പനോട് ആദ്യമായി പറഞ്ഞത് ആരാണ്?

10. മനേരിച്ചിൽ എന്നാൽ എന്താണ്?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "നിരാശരായി ഞങ്ങൾ മടങ്ങി. എന്റെ ആദ്യത്തെ പൊതുപ്രവർത്തനസംരംഭം വ്യഥാവിലായി" ദേവകി നിലയങ്ങോട് ഉദ്ദേശിക്കുന്നതെന്താണ്?

12. ജീവചരിത്രഗ്രന്ഥങ്ങളുടെ സവിശേഷതകളെന്തെല്ലാം?

13. ജീവചരിത്രത്തോട് ഏറ്റവുമടുത്ത ബന്ധമുള്ള ഒരു സാഹിത്യവിഭാഗമാണ് ആത്മകഥ എന്നു പറയാൻ കാരണമെന്താണ്?

14. "എ വണ്ടർഫുൾ തിംഗ് ടു ലിസൺ ടു" എന്ന തോമസ് ഹാർഡിയുടെ വരികളാണ് കെ.പി. അപ്പൻ തന്റെ ആത്മകഥയുടെ ആമുഖമായി ഉപയോഗിച്ചിരിക്കുന്നത്. പ്രസ്തുത ആത്മകഥയെ സംബന്ധിച്ചിടത്തോളം ഈ വാക്കുകളുടെ പൊരുളെന്താണ്?

15. കവിത, നാടൻ ചിന്തുകൾ എന്നീ സമാഹാരങ്ങളിലെ കവിതകളുടെ പ്രത്യേകത യെന്താണ്?

16. വഴികൾ വ്യക്തികൾ ഓർമ്മകൾ എന്ന പേരിന്റെ ഔചിത്യമെന്ത്?

17. യാത്രാവിവരണ സാഹിത്യകാരൻ എന്ന നിലയിൽ പൊറ്റക്കാടിന്റെ പ്രാധാന്യ മെന്താണ്?

18. മലയാളത്തിലെ ആദ്യകാല ജീവചരിത്രകൃതികൾ പരിചയപ്പെടുത്തുക.

19. "പേരിൽ സ്മരണകൾ എന്നുണ്ടെങ്കിലും വ്യാഴവട്ടസ്മരണകൾ എന്ന പുസ്തകം ലക്ഷണമൊത്ത ഒരു ചെറിയ ജീവചരിത്രമാണ്" ശരിയോ?



Scanned with CamScanner

20. നോട്ടു കുറിക്കുക : വർത്തമാനപ്പുസ്തകം.

21. യാത്രാവിവരണസാഹിത്യം മലയാളത്തിൽ എത്രത്തോളം ശക്തമാണ്? വിലയിരുത്തുക.

22. ഉടാട ചാർത്തിക്കുക എന്നു പറഞ്ഞാലെന്താണ്?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക.

23. കവിതയും പാരമ്പര്യവും എന്ന അധ്യായത്തിലെ ആശയങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

24. തപാൽ മുദ്രകൾകൊണ്ട് പുലരുന്ന രാജ്യം ഏതാണ്? എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത്?

25. "ഓർമ്മിക്കാൻ ഒരു ശവഘോഷയാത്ര" എന്ന അധ്യായത്തിലെ പ്രമേയം വിമർശനാത്മകമായി വിലയിരുത്തുക.

26. അധ്യാപകനെക്കുറിച്ചുള്ള കെ.പി. അപ്പന്റെ സങ്കല്പനങ്ങൾ വ്യക്തമാക്കുക.

27. ഉദയസൂര്യന്റെ നാട്ടിൽ എന്ന കൃതിയുടെ ഉള്ളടക്കം വിവരിക്കുക.

28. നല്ല യാത്രാവിവരണ കൃതികളുടെ സവിശേഷതകൾ എന്തെല്ലാം?

29. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?

30. "ഇതൊക്കെ നോക്കുമ്പോൾ എന്റെ വിവാഹം ഒരു ഭാഗ്യമായിരുന്നു" ഇങ്ങനെ പറയുന്നതാരാണ്? ഇങ്ങനെ പറയാൻ കാരണമെന്താണ്?

31. നഷ്ടബോധങ്ങളില്ലാതെ എന്ന പേരിന്റെ സാംഗത്യം പരിശോധിക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. വ്യാഴവട്ടസ്മരണകൾ, നഷ്ടബോധങ്ങളില്ലാതെ എന്നീ രചനകളുടെ സവിശേഷതകൾ വിവരിക്കുക.

33. യാത്രാവിവരണ കൃതികളുടെ പ്രത്യേകതകൾ ഉദയസൂര്യന്റെ നാട്ടിൽ എന്ന കൃതിയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

34. തനിച്ചിരിക്കുമ്പോൾ ഓർമ്മിക്കുന്നത് എന്ന കൃതി ആത്മകഥ എന്ന നിലയിൽ എത്രത്തോളം വിജയിച്ചിട്ടുണ്ട്? വിലയിരുത്തുക.

35. എൻ.എൻ. കക്കാട് എന്ന ജീവചരിത്രകൃതിയെ വിമർശനാത്മകമായി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner